**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1082** **30-06-2022 - ൽ മറുപടിയ്ക്ക്**

**ചൊവ്വര കുടിവെള്ള ശുദ്ധീകരണശാല നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചൊവ്വര കുടിവെള്ള ശുദ്ധീകരണശാലയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ചൊവ്വര കുടിവെള്ള ശുദ്ധീകരണശാലയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചേന്ദമംഗലം, വടക്കേക്കര, നായരമ്പലം, ഏഴിക്കര,എടവനക്കാട്, പള്ളിപ്പുറം എന്നീ പഞ്ചായത്തുകൾക്ക് ജെ.ജെ.എം പദ്ധതിയിൽ നല്കിയ ഭരണാനുമതി തുകയിൽ നിന്നും ബാക്കി വരുന്ന തുകയായ 482.50 ലക്ഷം രൂപ ഉപയോഗിച്ച് ചൊവ്വര കുടിവെള്ള ശുദ്ധീകരണശാലയുടെ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ്ങ് കമ്മിറ്റിയിൽ പ്രസ്തുത പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഇതിന് എന്നത്തേക്ക് അംഗീകാരം ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | ചേന്ദമംഗലം വടക്കേക്കര, നായരമ്പലം, ഏഴിക്കര, എടവനക്കാട്, പള്ളിപ്പുറം എന്നീ പഞ്ചായത്തുകൾക്ക് ജെ.ജെ.എം പദ്ധതിയിൽ നല്കിയ ഭരണാനുമതി തുകയിൽ നിന്നും ബാക്കി വരുന്ന തുക ഉപയോഗിച്ച് ചൊവ്വര കുടിവെള്ള ശുദ്ധീകരണ ശാല നവീകരിക്കുന്ന പദ്ധതി സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ